മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

**വാർത്താക്കുറിപ്പ്**

**2024 ഓഗസ്റ്റ് 22**

---

## നഗര രൂപകൽപ്പനയിൽ നൂതന ആശയങ്ങൾക്ക് മുൻഗണന നൽകണം- പ്രഫ. അജിത്ത് കാളിയത്ത്

*നഗര രൂപകൽനയിലും ഭരണ ക്രമീകരണങ്ങളിലും നൂതന ആശയങ്ങൾക്ക് മുൻഗണന നൽകണമെന്ന് കിലയിലെ അർബൻ ചെയർ പ്രഫസർ അജിത്ത് കാളിയത്ത് നിർദേശിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിൽ നൂതന വികസന ആശയങ്ങളെക്കുറിച്ചുള്ള സംവാദ പരമ്പരയിൽ ആദ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.*

*ഓരോ പ്രദേശത്തിന്റെയും ജനസംഖ്യകൂടി കണക്കിലെടുത്താണ് നഗരങ്ങളെ കാലത്തിനൊത്ത് ചിട്ടപ്പെടുത്തേണ്ടത്. ഇതിൽ ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാകണം. നഗരങ്ങളുടെ ഭരണ സംവിധാനത്തിൽ പൊതുജനങ്ങൾക്ക് സജീവ പങ്കാളിത്തമുണ്ടാകണം-അദ്ദേഹം നിർദേശിച്ചു.*

*സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിലെ സെന്റർ ഫോർ ടെക്നോളജി ആന്റ് ഹ്യൂമൻ ഡവലപ്മെന്റ് സ്റ്റഡീസ്(സിടിഎച്ച്ഡിഎസ്) സംഘടിപ്പിച്ച പരിപാടിയിൽ വകുപ്പ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് അധ്യക്ഷത വഹിച്ചു. സിടിഎച്ച്ഡിഎസ് ഡയറക്ടർ ഡോ. രാജേഷ് മണി ആമുഖ പ്രഭാഷണം നടത്തി.*

***(പി.ആർ.ഒ/39/765/2024)***

## പരിശീലന പരിപാടി തുടങ്ങി

*പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്കുള്ള കോച്ചിംഗ് കം ഗൈഡൻസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി, പട്ടിക വർഗ വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ മത്സര പരീക്ഷാ പരിശീലന പരിപാടി-സമന്വയയ്ക്ക് തുടക്കമായി. ബ്യൂറോ മേധാവി ഡോ. രാജേഷ് മണി ഉദ്ഘാടനം ചെയ്തു.*

*കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ജി. സജയൻ അധ്യക്ഷത വഹിച്ചു. എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ ജി. ജയശങ്കർ പ്രസാദ്, പി.യു. അഭിലാഷ്, റോണി കൃഷ്ണൻ എന്നിവർ പങ്കെടുത്തു.*

***(പി.ആർ.ഒ/39/766/2024)***

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിഎ സിബിസിഎസ് (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ ഭരതനാട്യം, മോഹിനിയാട്ടം, കഥകളി ചെണ്ട, കഥകളി സംഗീതം, വയലിൻ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 27ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

........................

*രണ്ടാം സെമസ്റ്റർ എംഎസ്സി ബയോകെമിസ്ട്രി, സൈബർ ഫോറൻസിക്ക് സിഎസ്എസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 29 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

............

*രണ്ടാം സെമസ്റ്റർ എംഎസ്സി ബോട്ടണി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ രണ്ട് മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/767/2024)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ എംഎസ്സി പോളിമർ കെമിസ്ട്രി, (2022 അഡ്മിഷൻ റഗുലർ ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/768/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**